# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5468** **24/05/2017-ൽ മറുപടിക്ക്**

**പി.എസ്.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

**ചോദ്യം**

ശ്രീ.പി.കെ.ശശി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | പി.എസ്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥി അപേക്ഷ സമർപ്പിക്കുന്നതു മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാദ്ധ്യത പരമാവധി ഉൾക്കൊണ്ട് വേഗതയും കൃത്യതയും ഉറപ്പുവരുത്തുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. നാല് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തി 400-ൽ പരം തസ്തികകളിലേയ്ക്ക് ഓൺലൈൻ പരീക്ഷ ഇതിനകം നടത്തി. ഇതു കൂടാതെ പി.എസ്.സിയുടെ വജ്ര ജൂബിലി ആഘോഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി 2016 വരെയുള്ള selection നടപടികൾ ഊർജ്ജിതമായി പൂർത്തിയാക്കി വരുന്നു. |
| (ബി) | പി.എസ്.സി. യുടെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷന് ഉദ്യോഗാർത്ഥി വ്യക്തമല്ലാത്ത ഫോട്ടോയും വിവരങ്ങളും നൽകിയാൽ അപേക്ഷ അപ് ലോഡ് ചെയ്യാനാകാത്ത സാങ്കേതിക സംവിധാനം വേണമെന്ന് ബഹു. കേരള ഹൈക്കോടതി അഭിപ്രായപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി)യും (സി)യും (ഡി)യും | ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക് കാഷ്യർ നിയമനവുമായി ബന്ധപ്പെട്ട് ഫോട്ടോയിൽ പേരും തീയതിയും വ്യക്തമല്ല എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെട്ടതിനെതിരെ ശ്രീമതി.ശോഭ എം.കെ. ഫയൽ ചെയ്ത WP(C) No.39437/2016 -യിൽ ബഹു. കേരള ഹൈക്കോടതിയുടെ 16.01.2017 ലെ അന്തിമ വിധിയിൽ താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.<br>" As rightly pointed out by the learned counsel for the petitioner, there is no specification in the notification as to the clarity of the endorsements to be made on the photograph to be uploaded. True, if the endorsements are not clear the purpose of the requirement to write the name and date on the photograph will not be served. At the same time the clarity of the endorsement being a relative fact, I am of the view that lack of clarity cannot be held to be a fatal one warranting rejection of application. Further when a provision is made by the PSC for online registration, it is easy to prevent uploading of photographs which do not contain the required |
| (സി) | ഇത് സംബന്ധിച്ച് ഒളശ്ശ സ്വദേശിനി എം.കെ.ശോഭ ഹൈക്കോടതിയെ സമീപിച്ചുവോ; എന്ത് കാരണം കൊണ്ടാണ് ഹൈക്കോടതിയെ സമീപിച്ചതെന്നും ഇതിൽ കോടതി എടുത്ത തീരുമാനം എന്തെന്നും വ്യക്തമാക്കുമോ; | | |
| (ഡി) | പി.എസ്.സി.യുടെ പോർട്ടലിന്റെ അപാകത ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപാകത തീർക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | endorsements, by making appropriate provision in the web portal. Large number of webportals have such provisions. In otherwords, fundamentally it is on account of the defect in the platform provided by PSC for Online registration that application with eligible endorsements on photographs happended to be registered."<br>ഇതേത്തുടർന്ന് ഉദ്യോഗാർത്ഥി ഓരോ തസ്തികയ്ക്കും അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തിട്ടുള്ള ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്തിയിട്ടുള്ളതാണോ എന്നു പരിശോധിക്കുന്നതിനും അതിന്റെ വ്യക്തത ഉറപ്പാക്കി പ്രസ്തുത പേരും തീയതിയും രജിസ്ട്രേഷൻ സംവിധാനത്തിൽ രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിനും ഉള്ള സൗകര്യം പി.എസ്.സി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ